**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2761 10/07/2015-ൽ മറുപടിയ്ക്ക്

## മട്ടുപ്പാവ് കൃഷി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) നഗരങ്ങളിലും ഗ്രാമങ്ങളിലും ജൈവ കൃഷിയുമായി ബന്ധപ്പെടുത്തി മട്ടുപ്പാവ് കൃഷിയ്ക്ക് പുതിയ രൂപരേഖ തയ്യാറാക്കുമോ; | എ) | മട്ടുപ്പാവിലെ ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2000/- രൂപ വിലയുള്ള 28334 ഗ്രോബാഗ് യൂണിറ്റുകൾ 500 രൂപയ്ക്ക് (75 ശതമാനം സബ്സിഡി നിരക്കിൽ) മട്ടുപ്പാവ് കൃഷിയ്ക്കായി വിതരണം ചെയ്യുന്നു. ഇതിനായി 425 ലക്ഷം രൂപയും മുൻവർഷങ്ങളിൽ വിതരണം ചെയ്തു. ഗ്രോബാഗുകളുടെ ആവർത്തന ചിലവുകൾക്കായി 100 ലക്ഷം രൂപയും നടപ്പുവർഷത്തെ പദ്ധതിയിൽ വകിയരുത്തിയിരിക്കുന്നു. ഒരു യൂണിറ്റിൽ 25 ഗ്രോബാഗുകളാണ് ഉണ്ടാവുക. |
| ബി) ഇതിലേയ്ക്കായി തുടർച്ചയായ മേൽനോട്ടത്തിന് കൃഷിഭവനുകൾക്ക് കീഴിൽ കൂടുതൽ കൃഷി അസിസ്റ്റന്റ്മാരെ നിയമിക്കുമോ? | ബി) | മട്ടുപ്പാവ് കൃഷി, സ്ഥാപനങ്ങളിലെ കൃഷി, വീട്ടുവളപ്പിലെ കൃഷി എന്നീ പദ്ധതി ഘടകങ്ങളുടെ തുടർച്ചയായ മേൽ നോട്ടത്തിനായി കരാർ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 102 ഫീൽഡ് അസിസ്റ്റന്റ്മാരെ നിയമിക്കുവാനുള്ള ഉത്തരവ് നല്കിക്കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ